**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 995** **30-06-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപെരിയാർ ഡാമിന്റെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എ. രാജ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മുല്ലപെരിയാർ മേൽനോട്ട സമിതിക്ക് കൂടുതൽ അധികാരങ്ങൾ നൽകിയ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമിതി പുനഃസംഘടിപ്പിച്ചിരുന്നോയെന്ന് അറിയിക്കാമോ; | (എ) | **പുനഃസംഘടിപ്പിച്ചിട്ടുണ്ട്.** |
| (ബി) | കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന പ്രളയം ഡാമിന്റെ സുരക്ഷ സംബന്ധിച്ച് ആശങ്ക വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ശാശ്വതപരിഹാരമായി പുതിയ അണക്കെട്ടെന്ന ആവശ്യം പുനഃസംഘടിത മേൽനോട്ട സമിതി മുമ്പാകെ ഉയർത്തുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | **ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടത് പുനഃസംഘടിത മേൽനോട്ട സമിതിയായതിനാൽ പുതിയ അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പുനഃസംഘടിപ്പിച്ച മേൽനോട്ട സമിതിയുടെ പരിഗണനയ്ക്കായി കേരളം സമർപ്പിക്കുന്നതാണ്.** |
| (സി) | ബന്ധപ്പെട്ട മേഖലയിലെ രാജ്യത്തെ വിദശ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് സ്വതന്ത്ര ടീം രൂപീകരിച്ച് സുരക്ഷാ പരിശോധന നടത്താൻ ആവശ്യപ്പെട്ടുമോയെന്ന് അറിയിക്കാമോ; | (സി) | ബഹു. സുപ്രീം കോടതി, WP(C) 880/2020 കേസിൽ 08/04/2022-ൽ പുറപ്പെടുവിച്ച വിധിയിൽ മുല്ലപ്പെരിയാർ ഡാമിന്റെ സമഗ്രമായ സുരക്ഷാ അവലോകനം വീണ്ടും ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പഴക്കവും, സുരക്ഷയും കണക്കിലെടുത്ത്, ഡാം മാനേജ്മെന്റ്, ജിയോളജി, ഭൂകമ്പശാസ്ത്രം, ഹൈഡ്രോളജി എന്നീ വിഷയങ്ങളിൽ പ്രാഗല്ഭ്യമുള്ള അന്തർദേശീയ സാങ്കേതിക വിദഗ്ധർ ഉൾപ്പെടെയുള്ളവർ അടങ്ങുന്ന സ്വതന്ത്ര സമിതിയെകൊണ്ട് സുരക്ഷാപരിശോധനയും വിശകലനവും നടത്തണമെന്ന ആവശ്യം ബഹു. സുപ്രീം കോടതി മുൻപാകെ ഉന്നയിച്ചിട്ടുണ്ട്. 06/06/2022 തീയതിയിൽ ചേർന്ന പുനഃസംഘടിത മേൽനോട്ട സമിതിയുടെ യോഗത്തിലും ഇതേ ആവശ്യം കേരളം ഉന്നയിച്ചിട്ടുണ്ട്. ഇത്തരത്തിൽ സുരക്ഷാ വിലയിരുത്തൽ നടത്തുമ്പോൾ, എല്ലാ ഘട്ടത്തിലും |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ പ്രാതിനിധ്യവും, പങ്കാളിത്തവും ഉറപ്പ് വരുത്തേണ്ടതാണെന്നും, സുരക്ഷാപരിശോധനയും വിശകലനവുമായി ബന്ധപ്പെട്ട പഠനങ്ങൾ, സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്നത് മേൽനോട്ട സമിതി ഉറപ്പ് വരുത്തേണ്ടതാണെന്നും കേരളം ആവശ്യപ്പെട്ടിരുന്നു. |
| (ഡി) | പുതിയ ഡാമിനുവേണ്ടിയുള്ള പരിസ്ഥിതി ആഘാത പഠനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ഡി) | പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ സാമൂഹിക ആഘാത പഠനത്തിനു വേണ്ടിയുള്ള പ്രാരംഭ നടപടിയായ പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള പഠനത്തിനായി M/s പ്രഗതി ലാബ്സ്, ഹൈദരാബാദ്-നെ ചുമതലപ്പെടുത്തുകയും 2015 ഏപ്രിൽ 21-ാം തീയതി കരാർ ഒപ്പിടുകയും ചെയ്തു.<br><br>പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി പാരിസ്ഥിതികാഘാത പഠനവുമായി ബന്ധപ്പെട്ട്, പാരിസ്ഥിതികാഘാത പഠനത്തിനായുള്ള പരിശോധന വിഷയ ങ്ങൾക്കുള്ള ടേംസ് ഓഫ് റഫറൻസ് അംഗീകാരം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ 2018-2019സാമ്പത്തിക വർഷം നടത്തുകയുണ്ടായി. ആയതിനു നവംബർ 2018-ൽ അംഗീകാരം ലഭിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് കേരള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ വനത്തിലേയ്ക്കുള്ള പ്രവേശനാനുമതി 20/04/2019-ൽ ലഭിച്ചു. 2019-20 ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടെ അംഗീകരിച്ച പരിശോധന വിഷയങ്ങൾക്കനു സൃതമായി, ടേംസ് ഓഫ് റഫറൻസ് പ്രകാരം പഠനം നടത്തുന്നതിനു വേണ്ടി പ്രഗതി ലാബ്സ് ആന്റ് കൺസൾട്ടന്റ്സ്, പദ്ധതി പ്രദേശത്ത് അടിസ്ഥാന വിവരശേഖരണ ത്തിനുള്ള പ്രവൃത്തികൾ 2019-ൽ തന്നെ ആരംഭിച്ചു.<br><br>പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ കരട്, പ്രസ്തുത കൺസൾട്ടന്റ് സമർപ്പിച്ചതിനെ തുടർന്ന് സർക്കാർ ഉത്തരവ് സ.ഉ(സാധ) നം.560/2021/ ജ.വി.വ തീയതി 23/10/2021 പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ 09/02/2022-ലെ മീറ്റിംഗിൽ പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുകയും അതിന്റെ ഭാഗമായി കമ്മിറ്റി അംഗങ്ങൾ ചില ന്യൂനതകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കൂടാതെ ചില നിർദ്ദേശങ്ങളുടെ വിശദീകരണത്തിനായി, കേരള ഫോറസ്റ്റ് റിസർച്ച് |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ട് (KFRI), പീച്ചിയിൽ, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി-യുടെ സാന്നിദ്ധ്യത്തിൽ 09/06/2022-ൽ യോഗം കൂടുകയും കൺസൾട്ടന്റിന്റെ സംശയങ്ങൾ ദൂരീകരിക്കുകയും എത്രയും വേഗത്തിൽ EIA (പരിസ്ഥിതി ആഘാത പഠന) റിപ്പോർട്ട് സമർപ്പിക്കാൻ കൺസൾട്ടന്റിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ